## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8166      17.07.2014 ൽ മറുപടിയ്ക്ക്

### മുല്ലപ്പെരിയാർ ഡാം - മേൽനോട്ടസമിതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. വി. എസ്. സുനിൽകുമാർ<br>ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. പി. തിലോത്തമൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് ഒരു മേൽനോട്ട സമിതി രൂപീകരിച്ച് വിജ്ഞാപനമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതി 07.05.2014 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൻെറ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ; 01.07.2014 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം (Office Memorandum No.R-16011/6/2014-Pen River dated 01.07.2014) മേൽനോട്ടസമിതി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച മേൽനോട്ടസമിതിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.<br>(1) ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി ഓർഗനൈസേഷൻ(DSO), സെൻട്രൽ വാട്ടർ കമ്മീഷൻ(CWC), ചെയർമാൻ-എക്സ് ഒഫീഷ്യോ ( ശ്രീ.എൽ.എ.വി.നാഥൻ, ചീഫ് എഞ്ചിനീയർ ഡാം സേഫ്റ്റി ഓർഗനൈസേഷൻ, സെൻട്രൽ വാട്ടർ കമ്മീഷൻ).<br>(b) പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്, തമിഴ്നാട് സംസ്ഥാന ഗവൺമെന്റ്, മെമ്പർ - എക്സ് ഒഫീഷ്യോ (ഡോക്ടർ.എം.സായികുമാർ, പ്രിൻസിപ്പൽ |

സെക്രട്ടറി,തമിഴ്നാട് സംസ്ഥാന ഗവൺമെന്റ്)

(c) അഡീഷണൽ ചീഫ് സെക്രട്ടറി. ജലവിഭവ വകുപ്പ്, കേരള സംസ്ഥാന ഗവൺമെന്റ് - മെമ്പർ - എക്സ് ഒഫീഷ്യോ (ശ്രീ.വി.ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, കേരള സംസ്ഥാന ഗവൺമെന്റ്)

(ബി) പ്രസ്തുത മേൽനോട്ട സമിതിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മേൽനോട്ട സമിതിയുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയുന്നവയാണ്:

i) മുല്ലപ്പെരിയാർ ഡാമിലെ പൂർണ്ണ ജലനിരപ്പ് (FRL), 142 അടിയിലേക്ക് പുന:സ്ഥാപിക്കുന്നതിനു ഈ സമിതി മേൽനോട്ടം വഹിക്കും.

ii) ഈ സമിതി കാലാകാലങ്ങളിൽ (പ്രത്യേകിച്ച് വർഷകാലത്തിനു മുമ്പും വർഷകാലത്തും) സൂക്ഷ്മപരിശോധന നടത്തേണ്ടതും ഡാമിന്റെ സുരക്ഷാകാര്യങ്ങൾ സൂക്ഷ്മ നിരീക്ഷണം നടത്തി ആവശ്യമായ നടപടികൾ ശുപാർശ ചെയ്യുകയും വേണം. പ്രസ്തുത ശുപാർശകൾ തമിഴ്നാട് നടപ്പിലാക്കണം.

iii) ഈ സമിതിയ്ക്ക് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട അടിയന്തര ഘട്ടങ്ങളിൽ ആവശ്യമായ നടപടികൾ എടുക്കുന്നതിനും ഇരു സംസ്ഥാനങ്ങൾക്കും(തമിഴ്നാട്ടും കേരളവും) അല്ലെങ്കിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തിനോ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും അധികാരമുണ്ട്. ബന്ധപ്പെട്ട എല്ലാവരും ഈ നിർദ്ദേങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരുമാണ്.

iv) സമിതി കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനകളിൽ ആവശ്യമായി കണ്ടെത്തുന്ന മുൻകരുതൽ നടപടികൾ കേന്ദ്ര ജലക്കമ്മീഷന്റെയും ഡാം സേഫ്റ്റി

ഓർഗനൈസേഷൻെറയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കുന്നതിന്; തമിഴ്‌നാടിനെ സമിതി അനുവദിക്കേണ്ടതാണ്.

(സി) പ്രസ്തുത സമിതിയുടെ ചെലവുകൾ വഹിക്കുന്നതിനും ഡാമിൻെറ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് അറിയിക്കുമോ?

(സി) മേൽനോട്ട സമിതിയുടെ ചെലവുകൾ വഹിക്കുന്നതിനും ഡാമിൻെറ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുമുള്ള ചുമതല തമിഴ്‌നാട് സർക്കാരിൽ നിക്ഷിപ്തമാണ്.

**സെക്ഷൻ ഓഫീസർ**